# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 639 — 02-12-2014-ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിലെ ഇൻകൽ എഡ്യുസിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ ഇൻകൽ എഡ്യുസിറ്റി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട് ; എത്ര സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു ; ഏതെല്ലാം സംരംഭകർക്ക് ഏതെല്ലാം പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമി വീതം അനുവദിച്ചിട്ടുണ്ട് ; | (എ) | മലപ്പുറം ജില്ലയിൽ ഇൻകെൽ എഡ്യു സിറ്റിക്ക് മൊത്തം 168 ഏക്കർ ഭൂമി കൈവശമുണ്ട്. 19 സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എഡ്യുക്കേഷൻ സിറ്റിയും ഭൂമി അലോട്ട് ചെയ്ത കിട്ടിയ സംരംഭങ്ങളും തമ്മിലുള്ള ബന്ധം വിശദീകരിക്കാമോ ; | (ബി) | എഡ്യൂക്കേഷൻ സിറ്റിയിലെ സംരംഭകർക്ക് ദീർഘകാല പാട്ടക്കരാറിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം അനുവദിക്കുന്നത്. പാട്ടക്കരാറിലെ വ്യവസ്ഥ അനുസരിച്ച് Lessor, Lessee ബന്ധമാണ് എഡ്യൂസിറ്റിയും സംരംഭകരും തമ്മിലുള്ളത്. ഇൻകെൽ എഡ്യുസിറ്റി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണം തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളും |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടാണ് പുതിയ സംരംഭകർക്കായി പ്ലോട്ടുകൾ നൽകിയിട്ടുള്ളത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (എൻ.റ്റി.റ്റി.എഫ്)-മായി ഇൻകെൽ-എൻ.റ്റി.റ്റി.എഫ്. എന്ന സംയുക്ത സംരംഭം നടപ്പിലാക്കി യിട്ടുണ്ട്. |
| (സി | എഡ്യുക്കേഷൻ സിറ്റിയ്ക്കു വേണ്ടി ഇൻകലിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ; | (സി | എഡ്യുക്കേഷൻ സിറ്റിക്ക് വേണ്ടി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായി നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. 3 എം.എൽ.ഡി. വാട്ടർ സപ്ലൈ സ്കീം മുനിസിപ്പാലിറ്റിയുമായി ചേർന്ന് നടപ്പിലാക്കാനുള്ള പദ്ധതി മുന്നോട്ടു വെച്ചിട്ടുണ്ട്. എഡ്യുസിറ്റിയി ലേക്കുള്ള റോഡിന്റെ വീതി കൂട്ടൽ കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. |
| (ഡി) | എഡ്യുക്കേഷൻ സിറ്റി പദ്ധതിയ്ക്ക് ഇൻകൽ ഇതിനകം ചെലവഴിച്ച തുക എത്ര ; ഇൻകലിന് സർക്കാർ ഷെയർ എത്ര ? | (ഡി | എഡ്യുസിറ്റി പദ്ധതിക്കു വേണ്ടി ഇൻകെൽ ഇതിനകം 41.38 കോടി രൂപ ചെലവഴിച്ചു. ഇൻകെൽ സ്വന്തമായി നടപ്പാക്കുന്ന പദ്ധതിയാണ് എഡ്യുസിറ്റി. ഇൻകെലിൽ സർക്കാർ / സർക്കാർ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് ഉദ്ദേശം 32% ഷെയർ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി

1. ഫയദ ഗ്രൂപ്പ് - 5 ഏക്കർ
2. എസ്.എസ്.ജി ഗ്രൂപ്പ് - 0.37 ഏക്കർ
3. സഫാ ഗ്രൂപ്പ് - 0.67 ഏക്കർ
4. എൻ.റ്റി.റ്റി.എഫ്. ക്യാമ്പസ് ആന്റ് ഹോസ്റ്റൽ - 2.33 ഏക്കർ
5. എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ് - 2 ഏക്കർ
6. അറ്റ്ലസ് ഐഡിയൽ - 4 ഏക്കർ

## വ്യവസായ സ്ഥാപനങ്ങൾക്കായി

1. എസ്.എസ്.ജി ഗ്രൂപ്പ് - 0.33 ഏക്കർ
2. വി.കെ.സി. ഇലാസ്റ്റോമേഴ്സ് - 5.25 ഏക്കർ
3. ഷൈൻ വെൽ ട്യൂബ് - 0.637 ഏക്കർ
4. അജ്ഫാൻ ഫുഡ്സ് - 1 ഏക്കർ
5. സതേൺ ജെൻസെറ്റ് - 1 ഏക്കർ
6. സതേൺ എയർ പ്രോഡക്റ്റ്സ് - 0.25 ഏക്കർ
7. പി.യു. ചപ്പൽസ് - 1 ഏക്കർ
8. ക്രഷ്ഡ് സ്റ്റോൺ - 3 ഏക്കർ
9. ഡ്യുറാ ടെക് - 2 ഏക്കർ
10. സുപ്രഭാതം ഡെയ്‌ലി - 1.3 ഏക്കർ
11. എ.റ്റി.സി. ടവർ - 0.08 ഏക്കർ
12. കേപ് സ്റ്റോൺ - 1 ഏക്കർ
13. ഫർണിച്ചർ - 0.5 ഏക്കർ

സെക്ഷൻ ഓഫീസർ